**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **03-03-2025 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക ഭൂഗർഭ ജലസംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്‌തീൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഭൂവിനിയോഗ ക്രമത്തിൽ ഉണ്ടായ വ്യതിയാനം മൂലം ജലസംഭരണം, ജലനിർഗ്ഗമനം എന്നിവ വലിയൊരളവിൽ ഇല്ലാതാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർക്കാർ ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **വിവരം ശേഖരിച്ചു വരുന്നു** |
| (ബി) | ജല ശേഖരം ഭൂഗർഭത്തിൽ സ്വാഭാവികമായി സംഭരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (ബി) | **ഭൂജല സംരക്ഷണവും, സംപോഷണവും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ, ഭൂജല സുസ്ഥിരത ഉറപ്പു വരുത്തുന്നതിനായി ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/ മഴക്കുഴികൾ/കുഴൽ കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നു. 2016 -17 മുതൽ 2024 -25 വരെ ഭൂജല വകുപ്പ് 1051 എണ്ണം വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളിലൂടെ മഴവെള്ള കൊയ്ത്ത് സാധ്യമാകുകയും ടി പ്രദേശങ്ങളിലെ ഭൂജല സുസ്ഥിരത നിലനിർത്തുന്നതിന് സഹായകമാകുകയും ചെയ്യുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം 6 കോടി രൂപ പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ